**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 543** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ടുള്ള ജി.എസ്.ടി-ലെ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ ജി.എസ്.ടി.യിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ കാരണം ഭക്ഷ്യവസ്തുക്കൾക്കുണ്ടായിട്ടുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭക്ഷ്യ വസ്തുക്കളുടെ നികുതി നിരക്ക് സമഗ്രമായി പുന:ക്രമീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് അവയുടെ ജി.എസ്.ടി. നിരക്കുകൾ പുന:ക്രമീകരിക്കണമെന്ന ആവശ്യം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിന് മുൻപാകെ ഉന്നയിക്കുകയും അൻപത്തിനാലാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ഈ വിഷയം ചർച്ച ചെയ്യുകയും സംസ്ഥാന ധനമന്ത്രിമാർ ഉൾപ്പെടുന്ന ഉപസമിതിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തിട്ടുള്ളതാകുന്നു. |
| (ബി) | കേന്ദ്ര ജി.എസ്.ടി. നിയമഭേദഗതി ചെറിയ യൂണിറ്റുകളിൽ റീപാക്ക് ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ നികുതി ബാധ്യതയുണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ബ്രാൻഡ് ചെയ്തിട്ടുള്ള യൂണിറ്റ് കണ്ടെയ്നറുകളിൽ പായ്ക്ക് ചെയ്ത് വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കൾക്ക് 5% ജി.എസ്.ടി. 2017 മുതൽ തന്നെ ബാധകമാണ്. എന്നാൽ നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിലെ തീരുമാനപ്രകാരം അളവ് തൂക്ക നിയമത്തിലെ ചട്ടങ്ങൾക്ക് അനുസൃതമായി 25 കിലോഗ്രാം വരെയുള്ള ബ്രാൻഡ് ചെയ്തിട്ടുള്ളതും അല്ലാത്തതുമായ മുൻകൂട്ടി പായ്ക്ക് ചെയ്യപ്പെട്ട ഭക്ഷ്യ വസ്തുക്കൾക്ക് 5% നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നിത്യോപയോഗ സാധനങ്ങളുടെയും ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെയും നികുതി കുറയ്ക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; വിശദമാക്കുമോ? | (സി) | നിത്യോപയോഗ സാധനങ്ങളുടെയും ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെയും നികുതി പുനക്രമീകരിക്കണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിന് മുൻപാകെ ആവശ്യപ്പെടുകയും അൻപത്തിനാലാമത് ജി.എസ്.ടി. കൗൺസിൽ യോഗം ഈ വിഷയം സംസ്ഥാന ധനമന്ത്രിമാർ ഉൾപ്പെടുന്ന ഉപസമിതിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തിട്ടുള്ളതാകുന്നു. |

സെക്ഷൻ ഓഫീസർ